# വെളിപാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്താറ്

## നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ആസ്വാദനവും അനുഗ്രഹവും

Tue പുതിയ യെരൂശലേമിലുള്ള അടിസ്ഥാന സംഖ്യകൾ പന്ത്രണ്ട്, ഒന്ന് എന്നിവയാണ്. ഒന്നാണ് നിസ്തുലമായ സംഖ്യ. ഒരു ദൈവവും, ഒരു നഗരവും, ഒരു സിംഹാസനവും, ഒരു വീഥിയും, ഒരു നദിയും, ഒരു ജീവവൃക്ഷവും ആണ് അവിടെ ഉള്ളത്. തന്മൂലം, ഒന്ന് എന്ന സംഖ്യ സഭയുടെയും തന്റെ വ്യവസ്ഥയിലുള്ള ദൈവത്തിന്റെ കെട്ടിടത്തിന്റെയും അടിസ്ഥാന സംഖ്യയാണ്. ഇത് എന്റെ ധാരണയല്ല; ഇത് എഫെസ്യർ 4:3-6-ലെ പൗലൊസിന്റെ ധാരണയാണ്; അവിടെ അവൻ ഒരു ശരീരത്തെയും, ഒരു ആത്മാവിനെയും, ഒരു പ്രത്യാശയെയും, ഒരു കർത്താവിനെയും, ഒരു വിശ്വാസത്തെയും, ഒരു സ്നാനത്തെയും, ഒരു ദൈവത്തെയും പിതാവിനെയും കുറിച്ചു പറയുന്നു. നമുക്ക് കേവലം ഒരു ദൈവവും, ഒരു സിംഹാസനവും, ഒരു ഭരണനിർവഹണവും, ഒരു അധികാരവും, ഒരു ഒഴുക്കും, ഒരു വഴിയും, ഒരു വൃക്ഷവുമാണുള്ളത്. ഇതു നാം കണ്ടിട്ടുണ്ടെങ്കിൽ, നാം ഈ ഒരുമയിൽ എന്നേക്കും കാക്കപ്പെടും.

ഈ ഒരുമ സകലത്തിന്റെയും ഉറവിടമായ, നിസ്തുലനായ ദൈവത്തിൽനിന്നു വരുന്നു. സിംഹാസനവും, നദിയും, വീഥിയും, വൃക്ഷവുമെല്ലാം അവനിൽനിന്നു വരുന്നു. ഏകദൈവത്തിന്റെ നിസ്തുലമായ കെട്ടിടത്തെ ഉളവാക്കുവാനും, താങ്ങുവാനും, നിലനിർത്തുവാനും കാത്തുസൂക്ഷിക്കുവാനും അവനാണ് സകലത്തിന്റെയും നിസ്തുല ഉറവിടം.

ഇന്നത്തെ ക്രിസ്തുമതത്തിന്റെ സാഹചര്യം ഇതിൽനിന്നും അത്യന്തം വ്യത്യസ്തമാണ്. ക്രിസ്തുമതം ചിന്താക്കുഴപ്പവും വിഭജനവുംകൊണ്ട് നിറഞ്ഞിരിക്കുന്നു. ഇന്നത്തെ ക്രിസ്തുമതത്തിൽ ആയിരക്കണക്കിനു വിഭാഗങ്ങളുണ്ട്. സ്വതന്ത്രകൂട്ടങ്ങൾ എന്നു വിളിക്കപ്പെടുന്നവയിൽ എത്രമാത്രം വിഭജനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ആർക്കും അറിയില്ല. സ്വതന്ത്രകൂട്ടങ്ങളിൽ ഏകദേശം എല്ലാവരും എന്തൊക്കെയോ ആണെന്ന് അവകാശപ്പെടുന്നു. കർത്താവ്

നമ്മുടെ കണ്ണുകൾ തുറന്നതിനായും അവന്റെ നിസ്തുലമായ വഴി കാണിച്ചുതന്നതിനായും നാം അവന് എത്രമാത്രം സ്തോത്രംചെയ്യണം! നിസ്തുലമായ ജീവസഹായമുള്ള നിസ്തുലമായ ഒഴുക്കോടുകൂടിയ നിസ്തുലമായ സിംഹാസനത്തിന്മേലുള്ള നിസ്തുലനായ ദൈവത്തെക്കൂടാതെ നമുക്ക് മറ്റൊന്നുമില്ല. അതുകൊണ്ട്, നമുക്ക് ഏകസാക്ഷ്യമുണ്ട്, നാം ഏക സഭയിലും ആണ്.

സഭ ദിവ്യത്വവും മനുഷ്യത്വവുംകൊണ്ട് സംരചിക്കപ്പെട്ടതാണ്; അത് ദൈവത്തിന്റെയും മനുഷ്യന്റെയും ഏക സംഘാത അസ്തിത്വമാണ്. ഈ അസ്തിത്വം ദൈവത്തിന്റെ നിവാസവും നമ്മുടെ വാസസ്ഥലവും ആണ്; എന്തെന്നാൽ ഇപ്പോൾ നാം ദൈവത്തിൽ വസിക്കുകയും ദൈവം നമ്മിൽ വസിക്കുകയും ചെയ്യുന്നു. ഇന്നത്തെ സഭാജീവിതം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിന്റെ ഒരു ലഘുരൂപമാണ്. സഭയിലുള്ള നമുക്ക് നാം വാസ്തവമായും ഒന്നാണെന്ന് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. നാം ദൈവത്തിൽ ഒന്നാണ്, അവന്റെ അധികാരത്തിൽ ഒന്നാണ്, അവന്റെ ആവിഷ്കാരത്തിൽ ഒന്നാണ്, ഒഴുക്കിൽ ഒന്നാണ്, ജീവനിൽ ഒന്നാണ്, വൃക്ഷത്തിലും ഒന്നാണ്. ഈ ഒരുമയിൽ നാം ദൈവത്തിൽ വസിക്കുകയും, ദൈവം നമ്മിൽ വസിക്കുകയും, അങ്ങനെ നാം അവന്റെ സാക്ഷ്യമായിത്തീരുകയും ചെയ്യുന്നു.

## I. വിശുദ്ധനഗരം

നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ആസ്വാദനത്തെയും അനുഗ്രഹത്തെയും കുറിച്ച് നാം ഈ ദൂതിൽ ചിന്തിക്കുന്നു. നിത്യതയിലുള്ള നമ്മുടെ ആസ്വാദനത്തിന്റെ ഒന്നാമത്തെ നിർണ്ണായകമായ കാര്യം വിശുദ്ധനഗരമായിരിക്കും (22:14, 19). വെളിപ്പാട് 22:19 പറയുന്നു, "ഈ പ്രവചനച്ചുരുളിന്റെ വചനങ്ങളിൽനിന്ന് ആരെങ്കിലും എടുത്തുകളഞ്ഞാൽ, ഈ ചുരുളിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിൽനിന്നും വിശുദ്ധനഗരത്തിൽനിന്നുമുള്ള അവന്റെ പങ്കിനെ ദൈവം എടുത്തുകളയും." വിശുദ്ധനഗരത്തിൽ ഒരു പങ്കുണ്ടായിരിക്കുക എന്നത് നമുക്ക് ഒരു വലിയ കാര്യമാണെന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു.

നാം പങ്കുകൊള്ളുന്നതും നാം ആസ്വദിക്കുന്നതുമായ വിശുദ്ധനഗരം തന്റെ സകല വിശുദ്ധന്മാരുമായി ഇഴുകിച്ചേർന്നിരിക്കുന്ന ദൈവമാണ്. വിശുദ്ധനഗരമെന്ന ഈ ഒരു അസ്തിത്വത്തിൽ നാം ദൈവത്തെ ആസ്വദിക്കുമെന്നു മാത്രമല്ല, നാം സകല വിശുദ്ധന്മാരിലുമുള്ള ദൈവത്തെയും ആസ്വദിക്കും. നാം നമ്മുടെ ഉള്ളിലുള്ള ദൈവത്തെ അന്യോന്യം ആസ്വദിക്കുകയും,

ദൈവത്തിൽ നാം അന്യോന്യം ആസ്വദിക്കുകയും ചെയ്യും. ഞാൻ ദൈവത്തിൽ നിങ്ങളെ ആസ്വദിക്കുകയും, നിങ്ങൾ ദൈവത്തിൽ എന്നെ ആസ്വദിക്കുകയും ചെയ്യും. ഈ ആസ്വാദനം തികച്ചും മാർമ്മികമാണെങ്കിലും, ഇന്ന് സഭാജീവിതത്തിൽ നാം നമ്മിലുള്ള ദൈവത്തെ അന്യോന്യം ആസ്വദിക്കുകയും ദൈവത്തിൽ നാം അന്യോന്യം ആസ്വദിക്കുകയും ചെയ്യുന്നതിന്റെ മുൻരുചി നമുക്കുണ്ട്. എന്തോരു ദിവ്യവും സ്വർഗീയവുമായ സാമൂഹിക ജീവിതമാണിത്!

ഒരു സാമൂഹിക ജീവിതത്തിനുവേണ്ടിയുള്ള ആഗ്രഹത്തോടു കൂടെയാണ് മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ മാനുഷിക പ്രകൃതം ഒരു സാമൂഹിക ജീവിതത്തിനുവേണ്ടി വാഞ്ഛിക്കുന്നു. ഈ ആഗ്രഹം നിറവേറുന്നതിനായി ജനം നിശാക്ലബ്ബുകളിലും വിരുന്നുകളിലും സംബന്ധിക്കുന്നു. എന്നാൽ നിശാക്ലബ്ബുകൾക്കും വിരുന്നുകൾക്കും ഈ ആവശ്യം സന്ധിക്കുവാൻ കഴിയുകയില്ല. ജനം ശരിയായ ഒരു സാമൂഹിക ജീവിതത്തിനുവേണ്ടി വിശപ്പും ദാഹവും ഉള്ളവരാണെങ്കിലും, അവർ ലോകത്തിന്റെ ക്ലബ്ബുകളാലും വിരുന്നുകളാലും വിഷലിപ്ത രാക്കപ്പെടുന്നു. അവരുടെ ദാഹം ശമിപ്പിക്കുവാനുള്ള ശരിയായ പാനീയം സ്വീകരിക്കുന്നതിനുപകരം, അവർ വിഷലിപ്തരാക്കപ്പെടുന്നു. നിർമ്മലവും, സന്തോഷകരവും, പോഷിപ്പിക്കുന്നതും, പ്രകാശിപ്പിക്കുന്നതും, തൃപ്തിപ്പെടുത്തുന്നതും, ആത്മികാഭിവൃദ്ധി വരുത്തുന്നതുമായ ഒരുതരം വിരുന്നു മാത്രമേയുള്ളൂ. സഭാജീവിതത്തിലുള്ള നാം എല്ലാ ദിവസവും ഒരു സ്വർഗീയവിരുന്നിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നു. ഈ വിരുന്ന് വിശുദ്ധവും, ദിവ്യവും, ആത്മികവും ആണ്. ഇത് ദൈവം മനുഷ്യനുമായി ഇഴുകിച്ചേർന്ന വിരുന്നാണ്. ഈ വിരുന്നിൽ സംബന്ധിക്കുന്നത് എത്ര ആസ്വാദ്യകരമാണ്!

അമ്പതു വർഷത്തെ സഭാജീവിതത്തിലുള്ള എന്റെ അനുഭവത്തിലൂടെ യുവാക്കളുടെ സഹജസ്വഭാവത്തെ അറിയുവാൻ എനിക്ക് ഇടവന്നിട്ടുണ്ട്. യുവാക്കൾ മൂർച്ചയുള്ളവരും വളരെ നിർബന്ധമുള്ളവരും ആയതുകൊണ്ട്; അവർക്ക് തങ്ങളുടെ മാതാപിതാക്കളുടെയോ സഭയിലെ മൂപ്പന്മാരുടെയോ ഹൃദയങ്ങളിലേക്ക് തുളച്ചുചെല്ലുവാൻ കഴിയും. എല്ലാ മൂപ്പന്മാരും യുവാക്കളുടെ അമ്പുകളുടെ ലക്ഷ്യങ്ങളാണ്. "സഭയും മൂപ്പന്മാരും നിങ്ങളുടെ ദൃഷ്ടിയിൽ സന്തോഷകരമല്ലെങ്കിൽ, നിങ്ങൾ മറ്റെവിടെയെങ്കിലും—മലകളിലേക്കോ, ഒരുപക്ഷെ നിങ്ങളാൽത്തന്നെ ജീവിക്കുവാനോ—എന്തുകൊണ്ട് പോകുന്നില്ല? അപ്പോൾ സഭയോ മൂപ്പന്മാരോ നിങ്ങളെ മേലാൽ ശല്യപ്പെടുത്തുകയില്ല" എന്ന് പലപ്പോഴും ഈ മൂർച്ചയുയുള്ള യുവാക്കളോട് ഞാൻ പറഞ്ഞിട്ടുണ്ട്. അവർ സഭാജീവിതത്തിലുള്ള കൂട്ടായ്മ ആസ്വദിക്കുന്നതുകൊണ്ട് ഒരിക്കലും സഭ വിട്ടുപോകുകയില്ലെന്ന് അവർ മറുപടി പറഞ്ഞു.

ഒരു സാമൂഹിക ജീവിതത്തിനുവേണ്ടിയുള്ള നമ്മുടെ ആഗ്രഹം നമ്മുടെ വിവാഹ ജീവിതത്താലോ കുടുംബ ജീവിതത്താലോപോലും പൂർണ്ണമായി തൃപ്തമാക്കപ്പെടുവാൻ കഴിയുകയില്ല. നിങ്ങൾക്ക് അനേകം സഹോദരന്മാരും, സഹോദരിമാരും, മച്ചുനന്മാരും, അനന്തരവന്മാരും, മറ്റു ബന്ധുക്കളും ഉണ്ടായിരിക്കാമെങ്കിലും, അവർക്ക് ഒരു സാമൂഹിക ജീവിതത്തിനുവേണ്ടിയുള്ള നിങ്ങളുടെ ആന്തരിക ആഗ്രഹത്തെ തൃപ്തിപ്പെടുത്തുവാൻ കഴിയുകയില്ല. ഈ ആഗ്രഹം—സഭാജീവിതത്തിനുവേണ്ടിയുള്ള ആഗ്രഹവും, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആഗ്രഹവും—സഭയിൽ മാത്രമേ തൃപ്തിപ്പെടുകയുള്ളൂ.

ക്രിസ്ത്യാനികളായ നാം ഒരുമിച്ചു പറ്റംകൂടുന്ന ആടുകളെപ്പോലെയാണ്. വർഷങ്ങൾക്കുമുമ്പ് സ്കോട്ട്ലാൻഡിലെ ചില ആട്ടിൻകൂട്ടങ്ങളെ ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. ഒരുമിച്ചുകൂടുന്നത് ആടുകൾ ആസ്വദിച്ചിരുന്നുവെന്ന് ഞാൻ ശ്രദ്ധിച്ചു. അവ ഒരുമിച്ചു സഞ്ചരിക്കുകയും, ഒരുമിച്ചു തിന്നുകയും, ഒരുമിച്ചു കിടക്കുകയും ചെയ്തു. അവ എപ്പോഴും ഒരു കൂട്ടമായി ഒരുമിച്ചായിരുന്നു. ക്രിസ്ത്യാനികളായ നമുക്കും ഇങ്ങനെയുള്ള ഒരു ആഗ്രഹം, സഭാജീവിതത്തിനുവേണ്ടിയുള്ള ഒരു ആഗ്രഹം, ഉണ്ട്.

സഭാജീവിതത്തിൽ ദൈവത്തെ നാം എത്രമാത്രം ആസ്വദിക്കുന്നു! "ദൈവം സർവവ്യാപി ആയതിനാൽ എനിക്ക് എവിടെവച്ചും അവനെ ആസ്വദിക്കുവാൻ കഴിയും. അവനെ എനിക്ക് വീട്ടിലും വീഥിയിലും ആസ്വദിക്കുവാൻ കഴിയും. ദൈവത്തെ ആസ്വദിക്കുവാൻ എനിക്ക് സഭാജീവിതം ആവശ്യമില്ല" എന്ന് ചിലർ പറഞ്ഞേക്കാം. സഭയിലുള്ള ദൈവാസ്വാദനവും സഭയുടെ വെളിയിലുള്ള ദൈവാസ്വാദനവും തമ്മിൽ യാതൊരു താരതമ്യവും ഇല്ല എന്ന് നമുക്കു സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അതെ, നിങ്ങൾക്ക് ദൈവത്തെ എവിടെവച്ചും ആസ്വദിക്കുവാൻ കഴിയുമെങ്കിലും, നാം സഭയിൽ ആസ്വദിക്കുന്ന രീതിയിൽ ആസ്വദിക്കുവാൻ കഴിയുകയില്ല. സഭാജീവിതത്തിൽ നാം കർത്താവിന്റെ ആസ്വാദനത്തിൽ മതിമറന്നാഹ്ലാദിക്കുന്നവരാണ്. സഭാജീവിതം ദൈവം മനുഷ്യനുമായി ഇഴുകിച്ചേർന്ന ജീവിതമാണ്. ഇങ്ങനെയുള്ള അത്ഭുതകരമായ ഇഴുകിച്ചേർന്ന ജീവിതത്തിൽ നാം ദിവസവും സകല പ്രിയ വിശുദ്ധന്മാരിലുമുള്ള ദൈവത്തെ ആസ്വദിക്കുകയും, പ്രിയ വിശുദ്ധന്മാരെ ദൈവത്തിൽ ആസ്വദിക്കുകയും ചെയ്യുന്നു. ഈ ആസ്വാദനമാണ് വിശുദ്ധനഗരത്തിലുള്ള നമ്മുടെ നിത്യ ഓഹരിയുടെ ഒന്നാമത്തെ വശം. സകല വിശുദ്ധന്മാരുമായി ദൈവം ഇഴുകിച്ചേർന്നതിന്റെ ഒരു സംരചനയായ ഈ നഗരത്തിന്റെ ആസ്വാദനമാണ് നമ്മുടെ നിത്യ ഓഹരി. ഈ വിശുദ്ധനഗരത്തിൽ ദൈവവും കുഞ്ഞാടും വിശ്രമത്തിനുവേണ്ടിയുള്ള നമ്മുടെ വാസസ്ഥലമായിരിക്കും (21:3).

വിശുദ്ധനഗരത്തിൽ ദൈവത്തെ സേവിക്കുന്നതിനും ആരാധിക്കുന്നതിനുംവേണ്ടിയുള്ള നമ്മുടെ ആലയമായി നാം ദൈവത്തെയും കുഞ്ഞാടിനെയും ആസ്വദിക്കുകയും ചെയ്യുന്നു (21:22).

Wed

## II. ജീവവൃക്ഷം

നിത്യതയിലുള്ള നമ്മുടെ ആസ്വാദനത്തിന്റെ രണ്ടാമത്തെ കാര്യം ജീവവൃക്ഷമാണ് (22:14, 19). ജീവവൃക്ഷം നമ്മുടെ ജീവസഹായമായ ദൈവപുത്രനും, വീണ്ടെടുക്കുന്ന കുഞ്ഞാടുമായ ക്രിസ്തു അല്ലാതെ മറ്റൊന്നുമല്ല. ഈ വൃക്ഷം സമ്പന്നവും, പുതുമയുള്ളതും, ഉന്മേഷദായകവും ആണ്. ജീവവൃക്ഷത്തിലേക്കു വരുവാനുള്ള അവകാശം നമുക്കുണ്ടായിരിക്കേണ്ടതിന് നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നു.

വെളിപ്പാട് 22:14 പറയുന്നു, "ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽകൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ." ഈ വാക്യം ജീവന്റെ സകല സമ്പന്നതയോടുംകൂടിയ ക്രിസ്തുതന്നെയായ ജീവവൃക്ഷത്തിന്റെ ആസ്വാദനത്തിനു വേണ്ടിയുള്ള ഒരു വാഗ്ദത്തമായി കണക്കാക്കാവുന്നതാണ്; വാക്യം 17-ന്റെ രണ്ടാമത്തെ പകുതിയെ ജീവൻനല്കുന്ന ആത്മാവായ ജീവജലം സ്വീകരിക്കുന്നതിനുള്ള ഒരു വിളിയായി കണക്കാക്കാവുന്നതും ആണ്. അങ്ങനെ, വെളിപ്പാടുപുസ്തകം ഒരു വാഗ്ദത്തത്തോടും ഒരു വിളിയോടുംകൂടെ അവസാനിക്കുന്നു; അവ രണ്ടും സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ഭക്ഷിക്കുന്നതിനും ജീവൻനല്കുന്ന ആത്മാവായി അവനെ കുടിക്കുന്നതിനും വേണ്ടിയാണ്.

മനുഷ്യൻ ജീവവൃക്ഷത്തിൽനിന്ന് പങ്കുകൊള്ളുവാൻ അവകാശമുള്ളവനായിരുന്നു എന്നു സൂചിപ്പിച്ചുകൊണ്ട്, സൃഷ്ടിപ്പിനുശേഷം മനുഷ്യനെ ജീവവൃക്ഷത്തിന്റെ മുമ്പിൽ നിർത്തി (ഉല്പ. 2:8-9). എന്നാൽ മനുഷ്യന്റെ വീഴ്ച നിമിത്തം ജീവവൃക്ഷം ദൈവത്തിന്റെ തേജസ്സിനാലും, വിശുദ്ധിയാലും, നീതിയാലും മനുഷ്യന് അടയ്ക്കപ്പെട്ടു (ഉല്പ. 3:24). ദൈവത്തിന്റെ തേജസ്സിന്റെയും, വിശുദ്ധിയുടെയും, നീതിയുടെയും സകല ആവശ്യകതകളും നിവർത്തിച്ച ക്രിസ്തുവിന്റെ വീണ്ടെടുപ്പിലൂടെ ജീവവൃക്ഷത്തിലേക്കുള്ള വഴി ഒരിക്കൽകൂടെ വിശ്വാസികൾക്ക് തുറക്കപ്പെട്ടു (എബ്രാ. 10:19-20). ഇക്കാരണത്താൽ, ക്രിസ്തുവിന്റെ വീണ്ടെടുക്കുന്ന രക്തത്തിൽ തങ്ങളുടെ അങ്കി കഴുകുന്ന വിശ്വാസികൾക്ക് നിത്യതയിലുള്ള ദൈവത്തിന്റെ പറുദീസയായ (2:7) വിശുദ്ധനഗരത്തിൽ തങ്ങളുടെ നിത്യ ഓഹരിയായി ജീവവൃക്ഷത്തെ ആസ്വദിക്കുവാനുള്ള അവകാശം ഉണ്ട്.

ഈ വാക്യത്തിലെ അങ്കി വിശ്വാസികളുടെ നടപ്പിനെ സൂചിപ്പിക്കുന്നു. നമ്മുടെ അങ്കി കഴുകുക എന്നത് കുഞ്ഞാടിന്റെ രക്തത്താലുള്ള കഴുകലിലൂടെ നമ്മുടെ നടപ്പിനെ ശുദ്ധമായി കാക്കുക എന്നാണ് (7:14; 1 യോഹ. 1:7). ഇത് ജീവവൃക്ഷത്തിൽ പങ്കുള്ളവരായിരിക്കുവാനും നഗരത്തിലേക്ക് പ്രവേശിക്കുവാനും നമുക്ക് അവകാശം നല്കുന്നു. കവാടങ്ങളിലൂടെ നഗരത്തിലേക്ക് പ്രവേശിക്കുന്നത് മരണത്തെ ജയിക്കുകയും ജീവൻപകരുകയും ചെയ്യുന്ന ക്രിസ്തുവിലൂടെയുള്ള വീണ്ടുംജനനത്താൽ ദൈവത്തിന്റെ നിത്യാനുഗ്രഹത്തിന്റെ മണ്ഡലമായ പുതിയ യെരൂശലേമിലേക്ക് പ്രവേശിക്കുന്നതാണ്. ജീവവൃക്ഷവും നഗരവും, നിത്യതയിൽ നമ്മുടെ ആസ്വാദനമായിരിക്കും.

## III. ജീവജലം

നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ആസ്വാദനത്തിന്റെയും അനുഗ്രഹത്തിന്റെയും മറ്റൊരു വശം ജീവജലമാണ് (22:17; 21:6). ജീവജലം നമ്മുടെ നിത്യപാനീയമായ ജീവൻനല്കുന്ന ആത്മാവാണ്. നാം തിന്നുകയും കുടിക്കുകയും വേണം. യാതൊന്നും കുടിക്കുവാനില്ലാതെ തിന്നുന്നത് അത്ര സന്തോഷകരമല്ല. ഹല്ലേലൂയ്യാ, നിത്യതയിൽ നമുക്ക് ജീവവൃക്ഷം എന്ന ഭക്ഷണവും ജീവൻനല്കുന്ന ആത്മാവ് എന്ന പാനീയവും ഉണ്ടായിരിക്കും! ജീവൻനല്കുന്ന ആത്മാവ് വാസ്തവത്തിൽ നമ്മുടെ പാനീയമായിരിക്കുവാൻ തന്നെത്താൻ പുറത്തേക്കൊഴുകുന്ന ത്രിയേക ദൈവം തന്നെയാണെന്ന് ഓർക്കുക.

അനേകം ക്രിസ്ത്യാനികൾ പരമ്പരാഗതമായ പഠിപ്പിക്കലുകളിൽനിന്നും കിട്ടിയ തെറ്റായ ധാരണ പിടിച്ചുകൊള്ളുന്നതുകൊണ്ട്, ആത്മാവ് പുത്രനിലും പിതാവിലുംനിന്ന് വേറിട്ടിരിക്കുന്നുവെന്ന് ചിന്തിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം, ആത്മാവ് കേവലം ആത്മാവു മാത്രമാണ്. എന്നാൽ യോഹന്നാൻ 15:26 പറയുന്നു, "എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും." യവനഭാഷയിൽ "നിന്ന്" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന ഉപസർഗ്ഗത്തിന് "നിന്ന് കൂടെ" എന്ന ആശയമുണ്ട്. യാഥാർഥ്യത്തിന്റെ ആത്മാവ് പുത്രനാൽ അയയ്ക്കപ്പെട്ടത് പിതാവിൽനിന്നു മാത്രമല്ല, പിതാവിനോടുകൂടെയും ആണ്. ഇക്കാരണത്താൽ, കാര്യസ്ഥൻ വരുന്നത് പിതാവിൽനിന്നും പിതാവിനോടകൂടെയും ആണ്. പിതാവ് ഉറവിടമാണ്. ഉറവിടത്തിൽനിന്ന് ആത്മാവു വരുമ്പോൾ, അവൻ ഉറവിടത്തെ ഉപേക്ഷിക്കുന്നില്ല, ഉറവിടം അവനോടുകൂടെ വരുന്നു. ആത്മാവ് പിതാവിൽനിന്ന് വരുകയും, പിതാവ് ആത്മാവോടുകൂടെ വരുകയും

ചെയ്യുന്നു. പുത്രനാൽ അയയ്ക്കപ്പെടുകയും പിതാവിനോടുകൂടെ വരുകയും ചെയ്യുന്ന ഈ ആത്മാവ് പുത്രനെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട്, പുത്രനെ സംബന്ധിച്ച അവന്റെ സാക്ഷ്യം ത്രിയേക ദൈവത്തിന്റെ ഒരു വിഷയമാണ്.

ഇത് വിശദീകരിക്കുവാൻ പ്രയാസമാണെങ്കിലും, നമ്മുടെ അനുഭവത്തെ പരിഗണിക്കുന്നുവെങ്കിൽ മനസ്സിലാക്കുവാൻ എളുപ്പമാണ്. "കർത്താവായ യേശുവേ" എന്നു നാം വിളിക്കുമ്പോൾ നാം ആത്മാവിനെ സ്വീകരിക്കുന്നു. എന്നാൽ ആത്മാവു വരുമ്പോൾ, പിതാവും പുത്രനും വന്നുവെന്ന ആഴമേറിയ ബോധം നമുക്കുണ്ടാകുന്നു. ഈ ആത്മാവ് സർവവും ഉൾക്കൊള്ളുന്ന ആത്മാവാണെന്ന് ഇതു സൂചിപ്പിക്കുന്നു. അവൻ നമ്മിലേക്കു വരുമ്പോൾ, അവൻ പുത്രനോടും പിതാവിനോടുംകൂടെയും വരുന്നു. അതുകൊണ്ട്, നമ്മുടെ നിത്യ പാനീയമായ ജീവൻ നല്കുന്ന ആത്മാവ് ത്രിയേക ദൈവമല്ലാതെ മറ്റൊന്നുമല്ല. ഇത് എന്തൊരാസ്വാദനമാണ്! നമ്മുടെ ശ്രദ്ധയെ ഉപദേശപരമായ അറിവിനു മാത്രം നാം തിരിക്കുന്നുവെങ്കിൽ, നാം ഈ ആസ്വാദനം നഷ്ടപ്പെടുത്തും. എന്നാൽ നമ്മുടെ ആത്മാവിലുള്ള നിർവ്യാജമായ അനുഭവത്തിനുവേണ്ടി നാം കരുതുന്നുവെങ്കിൽ, "ഞാൻ ആസ്വദിക്കുന്ന പാനീയം എന്റെ ആളത്തത്തിലേക്ക് ഒഴുകുന്ന ത്രിയേക ദൈവമാണെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു" എന്നു നാം പറയും.

ഈ നിത്യപാനീയം പളുങ്കുപോലെ ശുഭ്രമാണ് (22:1). ജീവൻനല്കുന്ന ആത്മാവിൽ അതാര്യമായ യാതൊന്നുമില്ല. നാം ഈ നിത്യാത്മാവിനെ കുടിക്കുമ്പോൾ സകലവും പളുങ്കുപോലെ തെളിഞ്ഞതായിത്തീരുന്നു.

## IV. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം

നിത്യതയിൽ നാം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തെയും ആസ്വദിക്കും (22:3). വെളിപ്പാട് 21-ലും 22-ലും ഉള്ള ദൈവത്തിന്റെ സിംഹാസനം അധികാരത്തിന്റെ സിംഹാസനമാണോ അതൊ കൃപയുടെ സിംഹാസനമാണോ എന്നു നിർണ്ണയിക്കുവാൻ പ്രയാസമാണ്. എബ്രായർ 4-ൽ സിംഹാസനം കൃപയുടെ സിംഹാസനമാണ്, എന്നാൽ വെളിപ്പാട് 4-ൽ സിംഹാസനം മുഖ്യമായും അധികാരത്തിന്റെ സിംഹാസനമാണ്. വേദപുസ്തകത്തിന്റെ അന്ത്യത്തിൽ സിംഹാസനം അധികാരത്തിന്റെ സിംഹാസനവും കൃപയുടെ സിംഹാസനവും ആണ്. ഇരുപത്തിരണ്ടാം അധ്യായത്തിലുള്ള ചിത്രത്താൽ നമുക്ക് ഇതറിയാം. ഇവിടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം തീർച്ചയായും ദൈവത്തിന്റെ

ദിവ്യഭരണനിർവഹണത്തിനു വേണ്ടിയാണ്. അങ്ങനെ, അത് അധികാരത്തിന്റെ സിംഹാസനമാണ്. എങ്കിലും, സിംഹാസനത്തിൽനിന്നു പുറപ്പെടുന്നത് അധികാരമല്ല, പിന്നെയോ ജീവസഹായമെന്ന നിലയിൽ ജീവവൃക്ഷത്തോടു കൂടെയുള്ള ജീവജലനദിയാണ്. ഇത് അധികാരമല്ല, കൃപയാണ്.

നാം ഒരിക്കലും അധികാരത്തെ കൃപയിൽനിന്നോ കൃപയെ അധികാരത്തിൽനിന്നോ വേർപിരിക്കരുത്. കൃപയും അധികാരവും ഒന്നാണ്. നമുക്ക് കൃപയുണ്ടെങ്കിൽ, നാം അധികാരത്തിൻകീഴിലും, നാം അധികാരത്തിൻകീഴിലാണെങ്കിൽ നാം തീർച്ചയായും കൃപയിൽനിന്ന് പങ്കുകൊള്ളുകയും ചെയ്യുന്നു. ക്രിസ്ത്യാനികളെന്ന നിലയിൽ നാം വാഴേണ്ടത് ആവശ്യമാണെന്നത് സത്യമാണെങ്കിലും നാം അധികാരത്താൽ വാഴരുത്. മറിച്ച്, നാം ജീവന്റെ ഒഴുക്കിലൂടെ വാഴണം. മൂപ്പന്മാർ തങ്ങളുടെ പദവിയെ അധികാരം മുഖാന്തരം പ്രയോഗിക്കരുത്. മൂപ്പർപദവി, അതായത്, തലയാട്ടയുടെ പ്രതിനിധീകരണം, ജീവന്റെ ഒഴുക്കിലൂടെ വേണം പ്രയോഗിക്കപ്പെടുവാൻ. സിംഹാസനം തലയാട്ടയുടെ സിംഹാസനമെന്ന അധികാരത്തിന്റെ സിംഹാസനമാണെങ്കിലും, സിംഹാസനത്തിൽനിന്ന് ജീവജലനദി ഒഴുകുന്നു. നിങ്ങൾ സിംഹാസനത്തിലേക്കു നോക്കുമ്പോൾ, നിങ്ങൾ . അധികാരത്തെയും തലയാട്ടയെയും കാണുന്നു. എന്നാൽ നിങ്ങൾ നദിയിലേക്കു നോക്കുമ്പോൾ, നിങ്ങൾ ജീവജലത്തെയും ജീവവൃക്ഷത്തെയും കാണുന്നു. ശരിയായ മൂപ്പർപദവി മറ്റുള്ളവരുടെമേൽ അധികാരം പ്രയോഗിക്കുന്നതല്ല, അവരിലേക്ക് ജീവൻ ഒഴുക്കുന്നതാണെന്ന് ഇതു സൂചിപ്പിക്കുന്നു. നാം വാഴുന്നുവെങ്കിലും അധികാരത്താലല്ല നാം വാഴുന്നത്, ആന്തരിക ജീവന്റെ ഒഴുക്കിലൂടെയാണ് നാം വാഴുന്നത്.

ഇന്ന് കർത്താവായ യേശു കേവലം അധികാരത്തോടുകൂടെയല്ല വാഴുന്നത്. അവൻ സഭയിലും, സഭയുടെ ഇടയിലും, സകല സഭകളുടെമേലും കൃപയായി അവന്റെ ജീവന്റെ ഒഴുക്കിലൂടെ വാണുകൊണ്ടിരിക്കുന്നു. ഈ ജീവനിൽ നാം എത്രയധികം പങ്കുകൊള്ളുന്നുവോ, അത്രയുമധികം അധികാരം നമുക്കുണ്ട്. ജീവനിൽ പക്വതയുള്ളവരെയാണ് സഭാജീവിതത്തിൽ നിങ്ങൾ ബഹുമാനിക്കുന്നത്. എന്നാൽ, അധികാരം സ്വയം ഏറ്റെടുക്കുന്നവൻ ബഹുമാനിക്കപ്പെടുകയില്ല. അത്തരം മൂപ്പർപദവിയോട് വിശുദ്ധന്മാരുടെ ആത്മാക്കളുടെ ആഴത്തിൽ യാതൊരു ബഹുമാനവുമില്ല. ജീവൻ അധികാരത്തിന്റെ ആവിഷ്കാരം തന്നെയാണ്. അധികാരം ഏറ്റെടുക്കുന്നതിനുപകരം, നാം ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തണം. നാം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തു ആയിരിക്കും മറ്റുള്ളവരുടെ മേലുള്ള നമ്മുടെ അധികാരം. ഇത്തരത്തിലുള്ള അധികാരത്തെ

നാം നിത്യതയോളം ആസ്വദിക്കും. ദിവ്യാധികാരത്തോടുകൂടിയ ജീവസഹായത്തിന്റെ ഉറവിടമായ സിംഹാസനം നമ്മുടെ നിത്യാസ്വാദനമായിരിക്കും.

## V. ഇനി ശാപമില്ല

നിത്യതയിൽ "ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല." ശാപത്തിനുപകരം നമ്മുടെ നിത്യപങ്ക് ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനമായിരിക്കും. ആദാമിന്റെ വീഴ്ചയിലൂടെ ശാപം കടന്നുവരികയും (ഉല്പ. 3:17), ക്രിസ്തുവിന്റെ വീണ്ടെടുപ്പിനാൽ അതിനോട് ഇടപെടുകയും ചെയ്തു (ഗലാ. 3:13). പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ഇനി വീഴ്ച ഉണ്ടായിരിക്കുകയില്ല എന്നതിനാൽ ഒരു ശാപവും അവിടെ ഉണ്ടായിരിക്കുകയില്ല.

ശാപത്തിൽ എന്തെല്ലാം ഉള്ളടങ്ങുന്നുവെന്ന് നിരവധി ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. വെറുപ്പും, വിമർശനവും, പരദൂഷണവുംപോലെയുള്ള കാര്യങ്ങൾ ശാപത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. അനഹേമിലെ സഭയിലുള്ള ആരെങ്കിലും ഇപ്പോഴും പരദൂഷണം പറയുന്നുവെങ്കിൽ, അതിന്റെ അർഥം സഭ ഇപ്പോഴും ഒരു ചെറിയ, കൗശലപരമായ ശാപത്തിൻകീഴിലാകുന്നു എന്നാണ്. സഹോദരീ സഹോദരന്മാർ അന്യോന്യം വിമർശിക്കുന്നുവെങ്കിൽ, അതും സഭ ശാപത്തിൻകീഴിലാണെന്നതിന്റെ ഒരു അടയാളമാണ്. കൂടാതെ, തങ്ങൾ മരിച്ചിരിക്കുന്നു എന്ന അളവോളം ചില വിശുദ്ധന്മാർ ബലഹീനരാണെങ്കിൽ, അത് ശാപത്തിന്റെ അടയാളമാണ്. ഇനി ശാപം ഉണ്ടായിരിക്കയില്ല എന്നത് അർഥമാക്കുന്നത് ഇനി പരദൂഷണമോ, വെറുപ്പോ, വിമർശനമോ, ബലഹീനതയോ, മരണാവസ്ഥയോ ഉണ്ടായിരിക്കുകയില്ല എന്നാണ്. ശാപമില്ലാതിരിക്കുമ്പോൾ സകലവും ശാന്തവും, സന്തോഷകരവും, ബലമുള്ളതും, ജീവനുള്ളതും ആണ്.

തന്റെ ഭാര്യയുമായി വാക്പോരു നടത്തുന്ന ഭർത്താവുള്ള ഒരു വീട്ടിലായിയിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അങ്ങനെയുള്ള ഒരു വാഗ്വാദം യാദൃച്ഛികമായി ഞാൻ കേൾക്കുമ്പോഴെല്ലാം, ശാപത്തിൽ പങ്കുണ്ടായിരിക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ട്, ഞാൻ ഓടിക്കളയുന്നു. ശാപത്തെ കാണുവാനോ, ശാപത്തെ സ്പർശിക്കുവാനോ, ശാപത്തിൻകീഴിലായിരിക്കുവാനോ ഞാൻ ഇഷ്ടപ്പെടുന്നില്ല. അങ്ങനെയുള്ള ഒരു വാഗ്വാദത്തിന് ഞാൻ സാക്ഷിയായിട്ടുണ്ടെങ്കിൽ, അത് എന്നിൽ ഉണ്ടാക്കിയ മതിപ്പ് മറക്കുവാൻ പ്രയാസമായിരിക്കും. ആ സഹോദരനെയും സഹോദരിയെയും ഞാൻ കാണുന്ന ഓരോ സമയത്തും അവരുടെ വഴക്കിനെക്കുറിച്ച് എനിക്ക് ഓർമ്മവരും. നിരവധി തവണ,

ഞാൻ ഒരു സഹോദരന്റെയോ സഹോദരിയുടെയോ വീടിനോടു സമീപിക്കുമ്പോൾ, അവർ തമ്മിലുള്ള ഒരു വാഗ്വാദം ഞാൻ യാദൃച്ഛികമായി കേട്ടിട്ടുണ്ട്. ഉടനെ ഞാൻ തിരിഞ്ഞുപോകുകയും, സകലവും ശാന്തമായിത്തീരുന്നതുവരെ മടങ്ങിവരാതിരിക്കുകയും ചെയ്യു. പിന്നെ ഞാൻ വാതിലിൽ മുട്ടിയപ്പോൾ, "കർത്താവിനു സ്തോത്രം, ആമേൻ" എന്നു പറഞ്ഞുകൊണ്ട് സന്തോഷകരമായി എന്നെ അഭിവാദനം ചെയ്യു. ഇത് മനോഹരമാണ്. കർത്താവിനെ സ്തുതിക്കുന്ന ഭർത്താവിനോടും ഭാര്യയോടും കൂടെയായിരിക്കുന്നത് ഞാൻ തീർച്ചയായും ആസ്വദിക്കുന്നു. അവരുടെ സ്തുതികളാൽ ഉണ്ടായ മതിപ്പ് എന്നോടുകൂടെ എന്നേക്കും നിലനിൽക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു.

ശാപത്തിൽ എന്തെല്ലാം ഉൾപ്പെടുന്നുവെന്ന് നിങ്ങൾ എപ്പോഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? "ഇനി ശാപം ഉണ്ടാകയില്ല" എന്നതിൽ ഇനി വാഗ്വാദം ഉണ്ടാകയില്ല എന്നത് ഉൾപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ശാപം ഇല്ലാതിരിക്കുമ്പോൾ, സകലവും ശാന്തവും, സന്തോഷകരവും, ജീവനുള്ളതും, ശുഭ്രവും, നിർമലവും, തികവുള്ളതും ആണ്. നാം പുതിയ യെരൂശലേമിൽ ആയിരിക്കുമ്പോൾ ഈ വലിയ അനുഗ്രഹത്തിൽ നാം പങ്കാളികളായിരിക്കും. എന്നാൽ, ഇന്നത്തെ സഭാജീവിതത്തിൽ ഇനി യാതൊരു ശാപവും ഉണ്ടാകയില്ല എന്നു പറയുവാൻ കഴിയുന്നവരാകുവാൻ നാം എല്ലാവരും വാഞ്ഛിക്കുന്നു. ഇതായിരിക്കട്ടെ എല്ലാ സ്ഥലം സഭകളിലുമുള്ള സാഹചര്യം.

## VI. ദൈവത്തെയും കുഞ്ഞാടിനെയും സേവിക്കുന്നു

"അവന്റെ അടിമകൾ അവനെ സേവിക്കും" എന്നും വാക്യം 22:3 പറയുന്നു. നിത്യതയിൽ ദൈവത്തെയും കുഞ്ഞാടിനെയും സേവിക്കുന്നത് ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർക്കുള്ള ഒരു അനുഗ്രഹമായിരിക്കും. ഈ വാക്യത്തിലെ "അവനെ" എന്ന സർവ്വനാമം ദൈവത്തെയും കുഞ്ഞാടിനെയും പരാമർശിക്കുന്നു: നിത്യതയിൽ ദൈവവും കുഞ്ഞാടും ഒന്നാണ്. അടുത്ത വാക്യത്തിലെ "അവന്റെ " എന്നതും ഇതുപോലെതന്നെയാണ്.

നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർ ദൈവത്തെയും കുഞ്ഞാടിനെയും സേവിക്കുമെങ്കിലും, അവർ പുരോഹിതന്മാരായി അവനെ സേവിക്കുകയില്ല. കൃത്യമായി പറഞ്ഞാൽ, പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പുരോഹിതന്മാർ ഉണ്ടായിരിക്കുകയില്ല. സേവനം ഉണ്ടായിരിക്കുമെങ്കിലും പൗരോഹിത്യം ഉണ്ടായിരിക്കുകയില്ല. പൗരോഹിത്യ സേവനത്തിൽ എപ്പോഴും വീണ്ടെടുപ്പിന്റെ വശം ഉൾപ്പെടുന്നു. പുതിയ ആകാശത്തിലും

പുതിയ ഭൂമിയിലും പാപത്തിന്റെ പ്രശ്നം ഇനി ഉണ്ടായിരിക്കുകയില്ല എന്നതുകൊണ്ട്, അവിടെ യാതൊരു വീണ്ടെടുപ്പുവേലയുടെയും ആവശ്യം ഉണ്ടായിരിക്കുകയില്ല. ഇക്കാരണത്താൽ, അവിടെ പൗരോഹിത്യ സേവനം ഉണ്ടായിരിക്കുകയില്ല. എന്നിരുന്നാലും, നാം അപ്പോഴും ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാസന്മാരായിരിക്കുകയും, നിത്യതയോളം അവനെ സേവിക്കുകയും ചെയ്യും.

## VII. ദൈവത്തിന്റെ മുഖം കാണുന്നു

വാക്യം 4 പറയുന്നു, "അവർ അവന്റെ മുഖം കാണും." ഇതും നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർക്കുള്ള ഒരു അനുഗ്രഹമാണ്. ഈ വാക്യത്തിലെ "അവന്റെ" എന്നത് ദൈവത്തെയും കുഞ്ഞാടിനെയും, പരാമർശിക്കുന്നു. അവന്റെ മുഖം കാണുക എന്നത് ദൈവത്തിന്റെയും കുഞ്ഞാടിന്റെയും മുഖം കാണുന്നതാണ്.

## VIII. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നാമം അവരുടെ നെറ്റിമേൽ ഉണ്ട്

ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർക്ക് അവരുടെ നെറ്റിയിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നാമം ഉണ്ടായിരിക്കും (വാ. 4). ഇതും നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടർക്കുള്ള മറ്റൊരു അനുഗ്രഹമാണ്. നമുക്ക് രണ്ടു നാമങ്ങൾ ഉണ്ടായിരിക്കുകയില്ല: നമുക്ക് ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നാമമായ ഒരു നാമം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നു പറയുന്ന മത്തായി 28:19-നു സമാനമാണ്. നിത്യതയിൽ ദൈവത്തിനും കുഞ്ഞാടിനും ഏക നാമമായിരിക്കും ഉണ്ടായിരിക്കുക. നാം അവന്നുള്ളവരായതുകൊണ്ട്, ഈ നാമം എന്നേക്കും നമ്മുടെ നെറ്റിയിൽ എഴുതിയിരിക്കും. നാം അവന്നുള്ളവരായിരിക്കും എന്നുമാത്രമല്ല, നാം അവനുമായി ഒന്നായിരിക്കുകയും ചെയ്യും.

## IX. ദൈവം അവരെ പ്രകാശിപ്പിക്കുന്നു

വാക്യം 5 പറയുന്നു, "ഇനി രാത്രി ഉണ്ടാകയില്ല: ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല." ദൈവമായ കർത്താവിനാൽ പ്രകാശിപ്പിക്കപ്പെടുന്നത് നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർക്കുള്ള മറ്റൊരു അനുഗ്രഹമാണ്. നമുക്ക് മനുഷ്യനിർമ്മിത വെളിച്ചമായ വിളക്കിന്റെ ആവശ്യമോ, ദൈവസൃഷ്ടിത വെളിച്ചമായ സൂര്യന്റെ

ആവശ്യമോ ഉണ്ടായിരിക്കുകയില്ല. ദൈവംതന്നെ നമ്മുടെമേൽ പ്രകാശിക്കുകയും, നാം അവന്റെ പ്രകാശിക്കലിൻകീഴിൽ ജീവിക്കുകയും ചെയ്യും.

## X. എന്നേക്കും വാഴുന്നു

"അവർ എന്നെന്നേക്കും വാഴും" എന്നും വാക്യം 5 പറയുന്നു. എന്നേക്കും വാഴുന്നത് നിത്യതയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർക്കുള്ള അവസാനത്തെ അനുഗ്രഹമായിരിക്കും. ഇവയായിരിക്കും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നിത്യതയോളം നാം ആസ്വദിക്കുന്നതായ അനുഗ്രഹങ്ങൾ.